**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3542

12/12/2014-ൽ മറുപടിക്ക്

സ്നേഹിത

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) |
| (എ) കുടുംബശ്രീ യുടെ നേതൃത്വത്തിൽ സ്നേഹിത പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും വിവേചനങ്ങൾക്കും വിധേയരായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ കൗൺസിലിംഗ്, താത്ക്കാലിക അഭയം, അടിയന്തിര ഘട്ടങ്ങളിൽ നിയമസഹായം ലഭ്യ മാക്കുന്നതിന് നിലവിലുള്ള സഹായ സംവിധാനങ്ങളുമായി ബന്ധപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ 3 ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം, മലപ്പുറം) പൈലറ്റ് അടിസ്ഥാനത്തിൽ സ്നേഹിത ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ച് പ്രവർത്തിച്ചു വരുന്നു.വയനാട്, ഇടുക്കി ജില്ലയിൽ കൂടി സ്നേഹിത ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) ആർക്കെല്ലാമാണ് പദ്ധതി വഴി സഹായം ലഭിയ്ക്കുന്നത്; വിശദമാക്കാമോ; | (ബി) | അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും വിവേചന ങ്ങൾക്കും വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമാണ് ഈ സംരംഭത്തിന്റെ സഹായം ലഭ്യമാകുന്നത്. |
| (സി) എന്തെല്ലാം സൗകര്യങ്ങളാണ് സ്ത്രീകൾക്ക് ഈ പദ്ധതി മുഖേന ലഭ്യമാകുന്നത്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | (സി) | മറ്റ് സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്തുവരുന്ന സ്ത്രീകൾക്ക് ആവശ്യമായ പിന്തുണാ നിർദ്ദേശങ്ങൾ നൽകുക (താമസം, സ്ഥലങ്ങൾ - സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ) ഉപജീവനം - അതിജീവനം - സുരക്ഷ തുടങ്ങിയവയ്ക്കായി ഏതെങ്കിലും സർക്കാർ-സർക്കാരേതര സ്ഥാപനങ്ങളുടെ സേവനം ആവശ്യമായ സ്ത്രീകൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു സർവീസ് സെന്ററായി പ്രവർത്തിക്കുക, ഹ്രസ്വമായ താമസസൗകര്യം, ആവശ്യമായ നിയമോപദേശം, കൗൺസിലിംഗ് എന്നിവയാണ് ഇപ്പോൾ 'സ്നേഹിത' സംരംഭം വഴി നൽകുന്ന സൗകര്യങ്ങൾ. |

സെക്ഷൻ ഓഫീസർ